"CORRUPTION, A CRIME AGAINST NATION"

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
E-mail:vig.vacb@kerala.gov.in
**ഫോൺ നം. 0471-2305393**
**തീയതി 16.11.2023**

## "തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനത്തിനായി വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കിയവരെ ശിക്ഷിച്ചു."

തിരുവനന്തപുരം ജില്ലയിലെ തിരുവിതാംകൂർ ദേവസ്വം ബോർഡ് ശാന്തി നിയമനത്തിനായി വ്യാജ സർട്ടിഫിക്കറ്റ് ഹാജരാക്കി നിയമനത്തിന് ശ്രമിച്ച സുമോദ്, ബിനു മോൻ, ദിലീപ് കുമാർ, വിപിൻദാസ് എന്നിവരെ ഇന്ന് (16/11/2023) തിരുവനന്തപുരം വിജിലൻസ് കോടതി ശിക്ഷിച്ചു.

2008 ഫെബ്രുവരിയിൽ താൽക്കാലിക ശാന്തി നിയമനത്തിനായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അപേക്ഷ ക്ഷണിച്ചപ്പോൾ വ്യാജ ശാന്തി സർട്ടിഫിക്കറ്റുകൾ ഹാജരാക്കി താൽക്കാലിക ശാന്തി നിയമനത്തിനായി ശ്രമിച്ച കോട്ടയം ജില്ലയിലെ വടയാർ സ്വദേശി എസ്. സുമോദ്, വാഴപ്പള്ളി സ്വദേശികളായ ബിനുമോൻ. സി, ദിലീപ് കുമാർ. റ്റി.വി, തൃശ്ശൂർ ജില്ലയിലെ മതിലകം സ്വദേശി വിപിൻ ദാസ്. എൻ.ജി എന്നിവരെ വ്യാജ രേഖ ചമച്ചതിന് തിരുവനന്തപുരം വിജിലൻസ് കോടതി ഒരു വർഷം വീതം തടവിന് ശിക്ഷിച്ചു. തിരുവനന്തപുരം വിജിലൻസ് സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് ഒന്നിലെ മുൻ ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എം.എച്ച് ലത്തീഫ് രജിസ്റ്റർ ചെയ്ത കേസ്സിൽ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ. എസ്. സുനിൽകുമാർ, ശ്രീ. എസ്. അനിൽ കുമാർ, ശ്രീ. ബി. അനിൽ കുമാർ, എന്നിവർ അന്വേഷണം നടത്തി, മുൻ ഡപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. ബി. ഉദയകുമാർ കുറ്റപത്രം സമർപ്പിച്ച കേസ്സിലാണ് പ്രതികളെ കുറ്റക്കാരാണെന്ന് തിരുവനന്തപുരം വിജിലൻസ് കോടതി കണ്ടെത്തി ഇന്ന് (16/11/2023)

ശിക്ഷിച്ചത്. ഒന്നാം പ്രതിയായിരുന്ന തിരുവിതാംകൂർ ദേവസ്വംബോർഡിലെ മുൻ ഡപ്യൂട്ടി ദേവസ്വം കമ്മിഷണറായിരുന്ന ശ്രീമതി. എസ്. പാർവ്വതിയേയും, രണ്ടാം പ്രതിയായിരുന്ന മുൻ സബ് ഗ്രൂപ്പ് ഓഫീസറുമായിരുന്ന ശ്രീ. ജി. ഗോപകുമാറിനെയും കോടതി വെറുതെ വിട്ടു. പ്രോസിക്യൂഷന് വേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീ. രഞ്ജിത് കുമാർ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.